# കേരള പബ്ലിക് സർവീസ് കമ്മീഷൻ

"കമ്മീഷൻ നടത്തുന്ന വിവിധ ഒ.എം.ആർ പരീക്ഷകളിൽ സ്ക്രൈബിനെ അനുവദിക്കുന്നതിന് യോഗ്യരായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അവർക്ക് സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ ഏതു പരീക്ഷയിലേക്കാണോ സ്ക്രൈബിനെ ആവശ്യമുള്ളത് ആ പരീക്ഷ തീയതിക്ക് 10 (പത്ത്) ദിവസം മുൻപ് ബന്ധപ്പെട്ട ആസ്ഥാന/ ജില്ലാ ഓഫീസുകളിൽ സ്ക്രൈബിനെ അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ഒ.എം.ആർ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ്, കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പരീക്ഷാതീയതിക്ക് കൃത്യം പത്ത് ദിവസം മുൻപ് അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ മാത്രമേ സ്ക്രൈബിനെ അനുവദിക്കുന്നതിനായി പരിഗണിക്കുകയുള്ളൂ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി